പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1160 03/12/2015 ൽ മറുപടിയ്ക്ക്

**പാഠപുസ്തക വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ബി.സത്യൻ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഈഅദ്ധ്യയന വർഷത്തെ രണ്ടാം ഘട്ട പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ; കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്ത് കഴിഞ്ഞതായി കെ.ബി.പി.എസ് അറിയിച്ചിട്ടുണ്ട്. ഇൻഡന്റ് നൽകുന്നതിൽ ചില സ്കൂളുകൾ വീഴ്ച വരുത്തിയതാണ് കാലതാമസം നേരിടാൻ കാരണം.ഇനിയും പുസ്തകം ആവശ്യമുള്ള സ്കൂളുകൾ 07.12.2015 നകം ഇൻഡന്റ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഡന്റ് ലഭിക്കുന്ന മുറക്ക് അത്തരം സ്കൂളുകളിലും പുസ്തകം ലഭ്യമാക്കുന്നതാണ്. |
| ബി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഇതിനകം കൈകൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br>സി) ഈ അദ്ധ്യയന വർഷം പാഠപുസ്തക അച്ചടിയിലുണ്ടായ കാലതാമസവും അതുമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങളും കണക്കിലെടുത്ത് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ:<br>ഡി) പാഠപുസ്തക അച്ചടിക്കുള്ള അനുമതി വൈകുന്നതു സംബന്ധിച്ച് കെ.ബി.പി.എസ് അധികൃതർ നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) (ഡി) ഗവ. ഉത്തരവ് (കൈ)നം: 281/2015/പൊ.വി.വ തീയതി: 5.11.2015 ഉത്തരവ് പ്രകാരം 2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9,10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.കൾ എസ്.സി.ഇ.ആർ.ടി.യിൽ നിന്നും ലഭ്യമായവ കെ.ബി.പിഎസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തെ 7,8ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് തുടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ് ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ്ടു ക്ലാസുകളിലെ പാഠ പുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ എല്ലാ നടപടികളും കൈകൊണ്ട് വരുന്നു. |

ഇ) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി വൈകിയതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; ധന അച്ചടി വകുപ്പുകൾ വീഴ്ച വരുത്തിയതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

എഫ്) അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ